"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com

**DB-5/13753/17/LSGD** **Dated 07.11.2017**

<u>എഞ്ചിനീയറിംഗ് വിഭാഗം മേധാവികളുടെ ശ്രദ്ധയ്ക്ക്</u>

# സർക്കുലർ

വിഷയം:- തസ്വഭവ - സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകാത്തത്- വിശദാംശങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:- സർക്കാരിന്റെ 10.10.2017-ലെ 163/ഡിബി2/16/തസ്വഭവ നം കത്ത്.

തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനാ ചർച്ചയിൽ ബഹു.മന്ത്രി നടത്തിയ പ്രഖ്യാപനത്തിൽ സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തത് സംബന്ധിച്ച വിഷയവും ഉൾപ്പെട്ടിട്ടുള്ളതിനാൽ ടി വിഷയത്തിൽ നിലവിലെ സ്ഥിതി എല്ലാ മാസവും റിപ്പോർട്ട് ചെയ്യുന്നതിന് സർക്കാർ സൂചന പ്രകാരം നിർദ്ദേശിച്ചിരിക്കുകയാണ്. അതിനാൽ സ്കൂളുകൾക്ക് ഫിറ്റ്നസ് നൽകാത്തത് സംബന്ധിച്ച വിശദാംശങ്ങൾ Google Sheet-ൽ എല്ലാ മാസവും 15-ാം തീയതിയ്ക്കുമുമ്പായി കൃത്യമായും അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

www.celsgd.com എന്ന ഔദ്യോഗിക വെബ്സൈറ്റിലെ പ്രൊഫോർമ പേജിൽ ലഭ്യമാക്കിയിട്ടുള്ള P 1015 Fitness Certificate issued to School Building and Anganwadies–എന്ന ലിങ്ക് മുഖേന സമർപ്പിക്കേണ്ട Google SheetProforma-യിലേക്ക് പ്രവേശിക്കാവുന്നതാണ്. പ്രസ്തുത Google Sheet-ൽ പ്രവേശിക്കുന്നതിന് അതാത് ഉദ്യോഗസ്ഥരുടെ ഔദ്യോഗിക gmail ID ഉപയോഗിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളുടെ വിവരങ്ങൾ അതാത് ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തങ്ങളുടെ ഔദ്യോഗിക gmail ID ഉപയോഗിച്ച് രേഖപ്പെടുത്തുകയോ, ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ gmail ID ഉപയോഗിച്ച് രേഖപ്പെടുത്തുവാനുള്ള സൗകര്യം ചെയ്തുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

സ്കൂളുകളുടെ ഫിറ്റ്നസ്സ് നൽകാത്തത് സംബന്ധിച്ച വിവരം സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, മുനിസിപ്പാലിറ്റി എഞ്ചിനീയറിംഗ് വിഭാഗം മേധാവികൾ എന്നിവർ എല്ലാ മാസവും 15-ാം തീയതിയ്ക്ക് മുമ്പേ കൃത്യമായും അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

ചീഫ് എൻജിനീയർ

S1772